(ഡി) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഒഴികെയുള്ള വിഭാഗങ്ങളിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ മറ്റു വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെയും നിയമിച്ചുവരുന്നു.

മുല്ലപ്പള്ളി മോഹനൻ ആചാരിയുടെ മരണം

85 (3275) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പള്ളി മോഹനൻ ആചാരിയുടെ മരണം പോലീസ് മർദ്ദനം മൂലമാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാർ ആരെല്ലാമാണ് ;

(സി) കുറ്റക്കാരെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് മോഹനന്റെ ഭാര്യയും ബന്ധുക്കളും വിശ്വകർമ്മ സമുദായാംഗങ്ങളും സെക്രട്ടറിയേറ്റ് പടിക്കൽ സമരം നടത്തിയിട്ടുണ്ടോ ;

(ഡി) കുറ്റക്കാരെ എത്രയും വേഗം കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിന് നടപടി എടുക്കുമോ ?

ഉത്തരം

(എ-ഡി) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി എന്ന സ്ഥലത്തുള്ള മോഹനൻ അചാരി എന്നയാൾ പോലീസ് കസ്റ്റഡിയിൽ വച്ച് മരണപ്പെട്ടിട്ടുണ്ട്. 29-6-1999 പകൽ 11 മണിയ്ക്ക് കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചേർത്തോട് ഭാഗത്തു വച്ച് അന്നമ്മ എന്ന സ്ത്രീയുടെ കഴുത്തിൽ കിടന്ന സ്വർണ്ണമാല പൊട്ടിച്ച് ഓടിയ മോഹനനെ നാട്ടുകാർ ഓടിച്ചു പിടിക്കുകയും കീഴ്വായ്പൂർ പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു. നാട്ടുകാരുടെ മർദ്ദനത്തെ തുടർന്നാണോ പോലീസിന്റെ മർദ്ദനത്തെ തുടർന്നാണോ ടിയാന് പരിക്ക് പറ്റിയത് എന്ന് സ്ഥിതീകരിച്ചിട്ടില്ല. ക്രൈം ബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി കേസന്വേഷണം നടത്തി വരികയാണ്.

പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയുടെ ഗേറ്റിൽ ഉണ്ടായ അപകടം

86 (3276) ശ്രീ. പി. ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതിയുടെ ഗേറ്റിൽ എന്തെങ്കിലും അപകടമുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച അറിയിപ്പ് പോലീസ് കൺട്രോൾ റൂമിൽ ലഭിച്ചതെന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച കേസ് എന്ന് രജിസ്റ്റർ ചെയ്തു എന്ന് വെളിപ്പെടുത്താമോ ;

(സി) വിവരം റിപ്പോർട്ട് ചെയ്ത ആളുടെ പേരും മേൽവിലാസവും അറിയിക്കാമോ ;

(ഡി) കന്റോൺമെന്റ് ഹൗസിന്റെ ഗേറ്റിനോട് ചേർന്ന് പോലീസ് ഗാർഡ് റും ഉണ്ടോ ; അവിടെ ഡ്യൂട്ടിക്ക് ആളെ നിയോഗിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ നിയന്ത്രണചുമതല പോലീസിന്റെ ഏത് വിഭാഗത്തിനാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ആ വിഭാഗം ഈ സംഭവം അറിഞ്ഞിട്ടുണ്ടോ ;

(ജി) സംഭവസ്ഥലം പൊതുവഴിയാണോ എന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഗേറ്റിന് നാശനഷ്ടം വന്നിട്ടുണ്ടോ ;

(ഐ) ഈ സംഭവം സംബന്ധിച്ച കേസ്സിന്റെ വിവരം ആരാഞ്ഞുകൊണ്ടുള്ള കത്ത് സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് അത് ലഭിച്ചത് ;

(ജെ) അതിനുള്ള മറുപടി എന്നാണ് അയച്ചു കൊടുത്ത് എന്നറിയിക്കുമോ ?

ഉത്തരം

(എ-ജെ) 20-9-1999-ന് രാത്രി 1.15 മണിയോടുകൂടി പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതിയുടെ ഗേറ്റിൽ ഇടിച്ച് ഒരാൾ സ്കൂട്ടർ അപകടത്തിൽപ്പെട്ടു കിടക്കുന്നതായി ബാബു എന്നൊരാൾ പോലീസ് കൺട്രോൾ റൂമിൽ ടെലിഫോൺ മുഖാന്തിരം വിവരമറിയിച്ചു. 15-ാം നമ്പർ ഫ്ളയിംഗ് സ്ക്വാഡ് സംഭവസ്ഥലത്തെത്തി പരിക്ക് പറ്റിയ സ്കൂട്ടർ യാത്രക്കാരൻ സുൾഫിക്കറിനെ മെഡിക്കൽ കോളജ് ആശുപത്രിയിൽ കാഷ്വാലിറ്റിയിൽ എത്തിക്കുകയും അപകടത്തിൽപ്പെട്ട KET-9544 നമ്പർ ലാമ്പി സ്കൂട്ടർ പോലീസ് കസ്റ്റഡിയിലെടുക്കുകയും ചെയ്തു. പ്രഥമ ശുശ്രൂഷയ്ക്കുശേഷം സുൾഫിക്കർ 20-9-1999-ന് ആശുപത്രി വിട്ടിരുന്നു. അന്വേഷണത്തിൽ വാഹനം റോഡിൽ സ്കിഡ് ചെയ്ത് മറിഞ്ഞ് ഗേറ്റിലിടിച്ചതാണെന്നാണറിയുന്നത്. ഇത് സംബന്ധിച്ച് പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് 6-11-1999-ൽ ഒരു നോട്ട് നൽകുകയും അസിസ്റ്റന്റ് കമ്മീഷണർ ട്രാഫിക് (നോർത്ത്) നൽകിയ അന്വേഷണറിപ്പോർട്ടിന്റെ സ്ഥാനത്തിൽ 3-2-2000-ന് ക്രൈം 451/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് ട്രാഫിക് പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തി വരികയുമാണ്.

അപകടത്തെതുടർന്ന്, കേസ് രജിസ്റ്റർ ചെയ്യാൻ കാലതാമസം ഉണ്ടായതിനെക്കുറിച്ചും അതിനുത്തരവാദികളായവരെ കുറിച്ചും അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly